"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ വാഹനങ്ങൾക്ക് ഇന്ധനം നിറച്ചതിന്റെ ബില്ല് പഴയ രീതിയിൽ പ്രദീപ് ഫില്ലിംഗ് സ്റ്റേഷന് മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.201/2026/TRANS തീയതി,തിരുവനന്തപുരം, 09-06-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.69/2025/ധന തീയതി 04.06.2025
2. ഗതാഗത കമ്മീഷണറുടെ 11/09/2025, 11/11/2025 എന്നീ തീയതികളിലെ എം3/3/2025-ടിസി നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

സർക്കാർ വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ നിർബന്ധമാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ഉത്തരവിലെ നിർദ്ദേശം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി സപ്ലൈകോയുമായി ബന്ധപ്പെട്ടപ്പോൾ ഓരോ വാഹനത്തിനും 15000 രൂപ വീതം ഡെപോസിറ്റ് നൽകണമെന്നും 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ് നൽകണമെന്നും അറിയിച്ചതിനെ തുടർന്നുണ്ടായ നടപടിക്രമങ്ങളിൽ കാലതാമസം നേരിട്ടതിനാൽ 2025 ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ സപ്ലൈകോയിൽ നിന്നും ഇന്ധനം നിറയ്ക്കാൻ സാധിച്ചിട്ടില്ലെന്നും സൂചന (1) ഉത്തരവിനനുസൃതമല്ലാത്ത ബില്ലുകൾ ട്രഷറിയിൽ നിന്നും മടക്കിയതിനാൽ പ്രസ്തുത കാലയളവിലെ ബില്ലുകൾ പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള രീതിയിൽ പാസാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മോട്ടോർ വാഹന വകുപ്പിന്റെ വാഹനങ്ങൾക്ക് ജൂൺ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ പ്രദീപ് ഫില്ലിംഗ് സ്റ്റേഷനിൽ നിന്നും ഇന്ധനം നിറച്ച വകയിലുള്ള Rs.1,60,801/- (ഒരു ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറ്റി ഒന്ന് രൂപ) , ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് പരാമർശം (1) നിർദ്ദേശങ്ങളിൽ ഇളവ് അനുവദിച്ച് പ്രദീപ് ഫില്ലിംഗ് സ്റ്റേഷന് നല്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്, കേരള,
തിരുവനന്തപുരം

ട്രഷറി ഡയറക്ടർ , തിരുവനന്തപുരം

ധനകാര്യ (ഇൻഡ് & പി.ഡബ്ല്യൂ.എ) വകുപ്പ് (I&PW-A1/260/2025-FIN
തീയതി, 27/04/2026)

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വിവര
പൊതുജന സമ്പർക്ക വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Susilkumary S**
**Date: 10-06-2026 16:25:12**
സെക്ഷൻ ഓഫീസർ